# പത്രക്കുറിപ്പ്

കോവിഡ് പ്രതിരോധ പ്രവർത്തനത്തിൻെറ ഭാഗമായി തിരുവനന്തപുരം റൂറൽ ജില്ലയിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങൾ ഉൾപ്പടെ 60-ഓളം സ്ഥലങ്ങളിൽ കോവിഡിനെതിരെ ജാഗ്രതയോടെ ഒന്നിച്ചു പൊരുതാം...... സമൂഹ നന്മയ്ക്കായി എന്ന പ്രതിജ്ഞ എടുക്കുകയും, സമൂഹത്തിൻെറ വിവധ തുറകളിൽപ്പെട്ട പ്രതിനിധികളും വ്യാപാരി വ്യവസായികളും ഓട്ടോറികഷാ തൊഴിലാളികളും ചേർന്ന് കോവിഡ് -19 മഹാമാരി പടർന്നു പിടിക്കുന്നത് തടയുന്നതിന് എൻെറ കുടുംബാംഗങ്ങളേയും സഹപ്രവർത്തകരേയും പൊതുയിടങ്ങളിൽ സാമൂഹിക അകലം പാലിക്കുവാനും ശരിയായവിധം മാസ്ക് ധരിക്കാനും സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ഇടയ്ക്കിടെ ശരിയാംവണ്ണം വൃത്തിയാക്കാനും അനാവശ്യ യാത്രകൾ ഒഴിവാക്കുന്നതുൾപ്പടെയുള്ള ശീലങ്ങൾ പാലിക്കുവാൻ ബോധവത്കരിക്കുമെന്നും പ്രതിജ്ഞ എടുത്തിട്ടുള്ളതുമാണ്.

തിരുവനന്തപുരം റൂറൽ ജില്ലയിൽപ്പെട്ട നെടുമങ്ങാട് സബ്ബ് ഡിവിഷൻ ആസ്ഥാനത്തു വച്ച് നടന്ന പ്രതിജ്ഞയിൽ ദക്ഷിണമേഖല പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ. പി.എസ്, റെയ്ഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.സഞ്ജയ് കുമാർ ഗുരുഡിൻ ഐ.പി.എസ് . തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. ബി.അശോകൻ ഐ.പി.എസ്, നെടുമങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഉമേഷ്, നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ഐ.എസ്.എച്ച്..ഒ ശ്രീ. രാജേഷ് കുമാർ എന്നിവരും മറ്റ് പോലീസ് പോലീസ് ഉദ്യോഗസ്ഥരും ഒപ്പം സമൂഹത്തിൻെറ വിവിധ തുറകളിൽപ്പെട്ടവരും പങ്കെടുത്തു.

12/8/20

ജില്ലാ പോലീസ് മേധാവി,
തിരുവനന്തപുരം റൂറൽ.